കേരള സർക്കാർ

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ്- ആവാസ് പദ്ധതിയിൽ രജിസ്ട്രേഷൻ നടത്തി അംഗങ്ങളാകുന്ന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ഏജൻസിയെ കണ്ടെത്തുന്നത് വരെയുള്ള കാലയളവിൽ സംഭവിക്കുന്ന അപകടങ്ങൾക്ക് സൗജന്യ ചികിത്സാ സഹായവും അപകടമരണ ഇൻഷ്വറൻസും, ആവാസ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അധികാരം, അതാത് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

സ.ഉ.(സാധാ)നം. 1399/2017/തൊഴിൽ　　　　തീയതി, തിരുവനന്തപുരം, 25.10.2017

---

പരാമർശം :- 1) 27.10.2016 ലെ സ.ഉ. (സാധാ)നം. 1325/2016/തൊഴിൽ നമ്പർ ഉത്തരവ്
2) 04.10.2017 ലെ സ.ഉ.(സാധാ)നം.1304/2017/തൊഴിൽ നമ്പർ ഉത്തരവ്
3) 07.10.2017 ലെ സ.ഉ.(സാധാ)നം.1317/2017/തൊഴിൽ നമ്പർ ഉത്തരവ്
4) 20.10.2017-ലെ ലേബർ കമ്മീഷണറുടെ ഇ.എൻ.എഫ് (4) 11577/2016 നമ്പർ കത്ത്.

**ഉത്തരവ്**

ഇതരസംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യപരിരക്ഷയും സൗജന്യ ചികിത്സാ സഹായവും അതോടൊപ്പം അവരുടെ വിവരശേഖരണവും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് ('ആവാസ്') പദ്ധതിയിൽ അംഗമാകുന്നവർക്ക് 15,000 രൂപയുടെ സൗജന്യ ചികിത്സ ഇൻഷ്വറൻസും 2,00,000 രൂപയുടെ അപകട മരണ ഇൻഷ്വറൻസും വിഭാവനം ചെയ്തിട്ടുണ്ട്. ആവാസ് പദ്ധതി പ്രകാരം ചികിത്സാ പാക്കേജും ചികിത്സയുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളും നിശ്ചയിക്കുന്നതിന് ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് പരാമർശം 2 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആരോഗ്യ ഇൻഷ്വറൻസുമായി ബന്ധപ്പെട്ട ടെണ്ടർ നടപടിക്രമങ്ങൾ ചെയ്യുന്നതിനും ഇൻഷ്വറൻസുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുമുള്ള ചുമതല ചിയാക്കിന് നൽകിക്കൊണ്ട് പരാമർശം 3 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ടെൻഡർ നടപടികൾ സ്വീകരിച്ച് ഇൻഷ്വറൻസ് കമ്പനിയെ കണ്ടെത്തുന്ന നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് 3 മാസത്തെ കാലയളവ് വേണ്ടിവരുമെന്നും 01/11/2017 മുതൽ ആവാസ് പദ്ധതിയിൽ രജിസ്ട്രേഷൻ നടത്തി കാർഡ് ലഭിക്കുന്ന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ഏജൻസിയെ കണ്ടെത്തുന്ന കാലയളവുവരെ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കാൻ കഴിയാത്ത സാഹചര്യം സംജാതമാകുന്നതിനാൽ 01/11/2017 മുതൽ ആവാസ് ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുന്ന തീയതി വരെ രജിസ്റ്റർ ചെയ്യുന്ന ടി തൊഴിലാളികൾക്ക് ടി കാലയളവിൽ ഏതെങ്കിലും തരത്തിൽ അപകടം സംഭവിക്കുകയാണെങ്കിലോ അസുഖംമൂലം ചികിത്സ

തേടേണ്ടിവരികയാണെങ്കിലോ എഫ്.ഐ.ആർ. ചികിത്സാ രേഖകൾ എന്നിവ പരിശോധിച്ച് പദ്ധതി പ്രകാരമുള്ള 15000/- രൂപയുടെ സൗജന്യ ചികിത്സാ സഹായവും 2 ലക്ഷം രൂപയുടെ അപകടമരണ ഇൻഷ്വറൻസും ആവാസ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അധികാരം അതാത് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)മാർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം 4 പ്രകാരം ലേബർ കമ്മീഷണർ അഭ്യർത്ഥിയ്ക്കുകയുണ്ടായി. ഇതിലൂടെ കൂടുതൽ ഇതരസംസ്ഥാന തൊഴിലാളികളെ പദ്ധതിയിലേയ്ക്ക് ആകർഷിക്കുന്നതിനും പദ്ധതിയുടെ വിശ്വാസ്യത ഉറപ്പുവരുത്തുന്നതിനും കഴിയുമെന്നും കൂടാതെ, ആവാസ് രജിസ്ട്രേഷൻ നൽകുന്ന വേളയിൽതന്നെ പദ്ധതിയുടെ ഗുണഫലം ഗുണഭോക്താക്കൾക്ക് ലഭ്യമാകുമെന്നും ലേബർ കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ലേബർ കമ്മീഷണറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 01/11/2017 മുതൽ ആവാസ് പദ്ധതിയിൽ രജിസ്ട്രേഷൻ നടത്തി അംഗങ്ങളായി കാർഡ് ലഭിക്കുന്ന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ഏജൻസിയെ കണ്ടെത്തുന്നത് വരെയുള്ള കാലയളവിൽ ഏതെങ്കിലും തരത്തിൽ അപകടം സംഭവിക്കുകയാണെങ്കിലോ അസുഖംമൂലം ചികിത്സ തേടേണ്ടിവരികയാണെങ്കിലോ, എഫ്.ഐ.ആർ, ചികിത്സാ രേഖകൾ എന്നിവ പരിശോധിച്ച് പദ്ധതി പ്രകാരമുള്ള സൗജന്യ ചികിത്സാ സഹായവും അപകടമരണ ഇൻഷ്വറൻസും, 2017-18 സാമ്പത്തിക വർഷം 'ആവാസ്' പദ്ധതിക്കായി '2230-01-103-52' എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അധികാരം, അതാത് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി. ലാൽ
ജോയിന്റ് സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ് മെന്റ്), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

മേലെഴുത്ത് കത്ത് നം: 11577/2016.

ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും തുടർനടപടികൾക്കുമായി എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

ലേബർ കമ്മീഷണർ.

പകർപ്പ്:- എല്ലാ RJLC മാർക്കും.